**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2546** — **09.12.2014 ൽ മറുപടിയ്ക്ക്**

## യുവസംരംഭക സംഗമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. പി.സി.വിഷ്ണുനാഥ് :**<br>**ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. വി.റ്റി. ബൽറാം:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി മാറുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭക സംസ്കാരം വളർത്തിയെടുക്കുവാനാണ് ഇതിലൂടെ ഉദ്ദേശി ക്കുന്നത്. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ; | (സി) യുവ സംരംഭകർ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരിട്ട പ്രതിസന്ധികൾ, നിയമപരമായ സാധ്യതകൾ, വിഷമങ്ങൾ, ഇവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. കൂടാതെ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രചോദനം നൽകൽ എന്നിവയും സംഗമത്തിന്റെ ഭാഗമായി നടന്നു. |
| (ഡി) ഇതിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാ ക്കാമോ ? | (ഡി) എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200 ഓളം പേർ സ്വയം സംരംഭകരായി മാറുകയും ചെയ്തു.<br>ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽ കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ